# ഉയർപ്പുക്കാലം

## ഏഴാം ഞായർ
## വചന വിചിന്തനം

മർക്കോ 16,9-20

> **"അവൻ (ക്രിസ്തു) വേറൊരു രൂപത്തിൽ അവർക്കു പ്രത്യക്ഷപ്പെട്ടു..." (മർക്കോ 16,12).**
> **ക്രിസ്തു ഇന്നും വിവിധ രൂപങ്ങൾ ധരിക്കുന്നുണ്ട്,**
> **ഭാര്യയുടെ, ഭർത്താവിന്റെ, മക്കളുടെ, മാതാപിതാക്കളുടെ,**
> **സഹോദരങ്ങളുടെ, ബന്ധുക്കളുടെ, സുഹൃത്തുക്കളുടെ....**
> **തിരിച്ചറിയാൻ സാധിക്കണം!**

*കർത്താവ് ശാസിക്കുന്നത് രണ്ട് കാര്യത്തിനാണ്,*
*1.വിശ്വാസരാഹിത്യം*
*2.ഹൃദയകാഠിന്യം.*
*കർത്താവ് ഇന്നും ശാസിക്കുന്നത് ഈ രണ്ട് കാര്യത്തിനാണ്.*

ഉയിർപ്പുക്കാലത്തിലെ ഏറ്റവും അവസാനത്തെ ഞായറാഴ്ച്ചയാണ് ഇന്ന്. തിരുസഭാ മാതാവ് തിരുവചനത്തിലൂടെ സമ്മാനിക്കുന്ന ഉൾക്കാഴ്ച്ച വളരെ സ്പഷ്ടമാണ്, ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യർക്കു പ്രത്യക്ഷപ്പെടുകയും ശിഷ്യഗണത്തിനു പിതാവായ ദൈവം സമ്മാനിച്ച പ്രേഷിതദൗത്യം ഭരമേൽപ്പിക്കുകയും ചെയ്യുന്നു. വി. മർക്കോസിന്റെ സുവിശേഷമനുസരിച്ച് ശിഷ്യൻമാർ പ്രഘോഷിക്കേണ്ട വചനം "പാടുപീഡകൾ സഹിച്ച് മരിച്ച ഈശോ മൂന്നാം നാൾ ഉയിർപ്പിക്കപ്പെട്ടു" എന്നതാണ്. പക്ഷെ, വിരോധാഭാസം ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടുവെന്ന് ശിഷ്യൻമാർക്ക് പോലും വിശ്വസിക്കാൻ സാധിക്കുന്നില്ല. കാരാണം, അവരുടെ വിശ്വാസ രാഹിത്യവും ഹൃദയകാഠിന്യവും.

"ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസ രാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി" (മർക്കോ 16,14).

വിശ്വാസം ക്ഷയിക്കുമ്പോൾ ഹൃദയം കഠിനമാകും. ഹൃദയം കഠിനമാകുമ്പോൾ ക്രിസ്തു ധരിക്കുന്ന രൂപങ്ങളെ, അത് ഭാര്യയുടെതാകാം, ഭർത്താവിന്റേതാകാം, മക്കളുടെതാകാം, മാതാപിതാക്കളുടെതാകാം, സഹോദരങ്ങളുടെതാകാം, ബന്ധുക്കളുടെതാകാം, സുഹൃത്തുകളുടെയുമാകാം, തിരിച്ചറിയാൻ സാധിക്കില്ല. അതുകൊണ്ട് തന്നെ ഹൃദയത്തെ കഠിനമാക്കാതെ മൃദുവായ് കാത്തുസൂക്ഷിക്കുക. കാരണം, ക്രിസ്തു ഏറ്റവും അധികം വെറുക്കുന്ന തിൻമ ഹൃദയകാഠിന്യം തന്നെയാണ്.

ക്രിസ്തു ഏറ്റവും അധികം തോറ്റുപോയത് യഹൂദരുടെയോ, ഫരിസേയരുടെയോ, നിയമജ്ഞരുടെയോ, റോമൻ അധികാരികളുടെ അടുത്തോ അല്ല. ഒരിക്കൽ പോലും ക്രിസ്തു ഇവരുടെ മുമ്പിൽ തോറ്റ് പോയിട്ടില്ല. പക്ഷെ, ക്രിസ്തു എപ്പോഴും തോറ്റു പോകുന്ന ഒരിടമുണ്ട്, ശിഷ്യൻമാരുടെ മുമ്പിൽ. ഇന്നത്തെ വചനഭാഗം തന്നെ ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്.

"ആഴ്ചയുടെ ഒന്നാം ദിവസം യേശു ആദ്യം മഗ്ദലേനമറിയത്തിനു പ്രത്യക്ഷപ്പെട്ടു. അവൾ ചെന്ന് അവനോടുകൂടെ ഉണ്ടായിരുന്നവരെ വിവരം അറിയിച്ചു. അവൻ ജീവിച്ചിരിക്കുന്നു എന്നും അവൾക്കു കാണപ്പെട്ടു എന്നും കേട്ടപ്പോൾ <u>അവർ വിശ്വസിച്ചില്ല</u>. ഇതിനുശേഷം അവരിൽ രണ്ടുപേർ ഗ്രാമത്തിലേക്കു നടന്നുപോകുമ്പോൾ അവൻ വേറൊരു രൂപത്തിൽ അവർക്കു പ്രത്യക്ഷപ്പെട്ടു. അവർ പോയി ബാക്കിയുള്ളവരെ വിവരം അറിയിച്ചു. അവരെയും <u>അവർ വിശ്വസിച്ചില്ല</u>. പിന്നീട്, അവർ പതിനൊന്നുപേർഭക്ഷണത്തിനിരിക്കുമ്പോൾ, അവൻ അവർക്കു

പ്രത്യക്ഷപ്പെട്ടു. ഉയിർപ്പിക്കപ്പെട്ട തിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസ രാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി. അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16).

ഉയർപ്പിക്കപ്പെട്ട തന്നെകുറിച്ച് പ്രസംഗിക്കേണ്ട ശിഷ്യൻമാർ താൻ ഉയർപ്പിക്കപ്പെട്ടിട്ടില്ല എന്ന് തന്നെയാണ് വിശ്വസിക്കുന്നത്. പിന്നെ, ഇവർക്ക് എങ്ങനെ ലോകമെങ്ങും പോയി എല്ല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ സാധിക്കും. കർത്താവ് ശിഷ്യൻമാർക്ക് മുമ്പിൽ തോറ്റ് കൊടുക്കുന്നു. "പുകഞ്ഞ കൊളളി പുറത്ത്" എന്ന് ചിന്തിക്കാതെ ക്രിസ്തു അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും എടുത്തുമാറ്റി വലിയ ദൗത്യം ഭരമേൽപ്പിക്കുന്നു, "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,15 - 16).

ക്രിസ്തു ഇന്ന് തന്റെ അനുയായികളെ ഭരമേൽപ്പിക്കുന്ന ദൗത്യവും ഇത് തന്നെയാണ്. "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15). സുവിശേഷം പ്രസംഗിക്കേണ്ടത് വാക്കുകൾ കൊണ്ട് മാത്രമല്ല. മറിച്ച്, ജീവിതം കൊണ്ട് തന്നെയാണ്.

കർത്താവ് ശിഷ്യരെ ശാസിക്കുന്നു. പക്ഷേ, അവിടുന്ന് അവരെ പരിത്യജിക്കുന്നില്ല. കാരണം, കർത്താവിന്റെ കാഴ്ച്ചപ്പാടിൽ പുകഞ്ഞ കൊള്ളി പുറത്തല്ല.

ഈ അടുത്ത് കാലത്ത് വലിയ ഒരു സദസിനെ അഭിസംബോധന ചെയ്തപ്പോൾ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ചോദിച്ച ചോദ്യം,

"ഇതിൽ വചനം വായിക്കുന്നവർ എത്രപേരുണ്ട്?"

ലക്ഷങ്ങൾ വരുന്ന സദസ്സിൽ നിന്ന് 90 ശതമാനത്തെക്കാൾ ആധികം പേരും കൈകളുയർത്തി തങ്ങൾ നിത്യവും വചനം വായിക്കുന്നവരാണെന്ന് "സെൽഫ് അറ്റസ്റ്റേഷൻ" നടത്തി.

ഫ്രാൻസീസ് മാർപ്പാപ്പയുടെ രണ്ടാമത്തെ ചോദ്യം,

"വചനം വായിക്കുന്ന നിങ്ങളിൽ ഏത്രപേർ വചനം അനുസരിച്ച് ജീവിക്കുന്നുണ്ട്?"

ലക്ഷങ്ങൾ വരുന്ന സദസ്സിൽ നിന്ന് 90 ശതമാനത്തെക്കാൾ ആധികം പേരും കൈകളുയർത്തി തങ്ങൾ നിത്യവും വചനം വായിക്കുന്നവരാണെന്ന് സാക്ഷ്യം നൽകിയരുടെ കൂട്ടത്തിൽ വചനനുസൃതം ജീവിക്കുന്നവരുടെ എണ്ണം കൈവിരലിൽ പോലും എണ്ണാൻ ഇല്ലായിരുന്നു. ഇത് തന്നെയാണ് സഭ നേരിടുന്ന വലിയ പ്രതിസന്ധി. "വചനം പ്രസംഗിക്കാൻ എളുപ്പമാണ്. വചനം ജീവിക്കുന്നത് ക്ലേശകരവും."

യമനിലെ ഭീകരാക്രമണത്തിൽ നിന്നും രക്ഷപെട്ട മിഷനറീസ് ഓഫ് ചാരിറ്റി സഭാംഗം സിസ്റ്റർ സാലി അക്രമണത്തെ കുറിച്ച് പങ്കുവയ്ക്കുമ്പോൾ വചനം ജീവിക്കുന്ന വ്യക്തികളെ അതിൽ കണ്ടെത്താനാകും. 2016 മാർച്ച് നാലാം തിയതി രാവിലെ 8.00 മണിക്ക് ദിവ്യബലിക്ക് ശേഷമുള്ള പ്രാർത്ഥന കഴിഞ്ഞ് അഞ്ച് സിസ്റ്റേഴ്സ് രോഗികളുടെ പരിപാലനഭവനത്തിലേക്ക് മടങ്ങി. പതിവുപോലെയുള്ള പ്രാർത്ഥനക്കായ് ഫാ. ടോം ഉഴുന്നാലിൽ ചാപ്പലിലേക്ക് പ്രവേശിച്ചു. രാവിലെ 8.30 നീല ഡ്രസണിഞ്ഞ് എത്തിയ ഐഎസ് ഭീകരർ ഗാർഡിനെയും ഡ്രൈവറെയും കൊലപ്പെടുത്തി കോമ്പൗണ്ടിനുള്ളിൽ പ്രവേശിച്ചു.

ഈ സമയം എത്യോപ്യക്കാരായ അഞ്ചുപേർ "ഐഎസ് ഭീകർ വന്നിട്ടുണ്ട്" എന്ന് സിസ്റ്റർമാരെ അറിയിക്കാൻ അവരുടെ അടുത്തേക്ക് ഓടി. എന്നാൽ, തത്സമയം അവരെ ഒരോരുത്തരെയായി ഭീകർ പിടികൂടി മരത്തിൽ കെട്ടിയിട്ട ശേഷം അവരുടെ ശിരസ് ലക്ഷ്യമാക്കി വെടിവെച്ച് നിഷ്കരുണം തകർത്തു. ഭീകരരെ കണ്ട നാല് സിസ്റ്റർമാർ ഈരണ്ട് പേരുള്ള രണ്ട് ഗണമായി തിരിഞ്ഞ് എതിർദിശകളിലേക്ക് ഓടി.

"സിസ്റ്റർമാരെ കൊല്ലരുതേ"യെന്ന് അവിടെ ജോലി ചെയ്യുന്ന സ്ത്രീകൾ കരഞ്ഞപേക്ഷിച്ചു. ഇതു തന്നെ പറഞ്ഞ് കരഞ്ഞപ്പോൾ അവരെ ഭീകരർ "മിണ്ടാതിരിയെടീ" എന്ന് പറഞ്ഞ് വധിക്കുകയായിരുന്നു. സിസ്റ്റർ ജൂഡിറ്റിനെയും സിസ്റ്റർ റെജിനെറ്റിനെയുമാണ് അവർ ആദ്യമെ പിടികൂടിയത്. അവരെ കെട്ടിയിട്ട ശേഷം വെടിവെച്ച് കൊലപ്പെടുത്തി. പിന്നീട് അവരുടെ തല തകർത്തു. തുടർന്ന് സിസ്റ്റർ ആൻസലത്തെയും സിസ്റ്റർ മാർഗരറ്റിനെയും അവർ അപ്രകാരം കൊലപ്പെടുത്തി. ഈ സമയം എല്ലാ സിസ്റ്റർമാരും സഹായികളും കൊല്ലപ്പെട്ടെന്ന് മനസിലാക്കിയ സുപ്പീരിയർ സിസ്റ്റർ സാലി റെഫ്രിജറേറ്റർ മുറിയിലേക്ക് പോയി. അഞ്ച് സിസ്റ്റർമാർ ഉണ്ടെന്ന് അറിയാമായിരുന്നത് കൊണ്ട് ഐഎസ് ഭീകർ ഇനിയും പിടികിട്ടാതിരുന്ന സിസ്റ്ററിന് വേണ്ടി എല്ലായിടത്തും തിരയുന്നുണ്ടായിരുന്നു. മൂന്ന് തവണ അവർ റെഫ്രിജറേറ്റർ മുറിയിലെത്തി പരിശോധിച്ചതാണ്. എന്നാൽ ഒളിക്കാൻ പ്രത്യേക ശ്രമമൊന്നും നടത്താതെ ഡോറിന് പിന്നിൽ നിന്ന സിസ്റ്ററെ അവർ കണ്ടു. ഭയം കൊണ്ട് വിറക്കുകയായിരുന്നു സാലി അപ്പോഴെല്ലാം.

അതേസമയം ഭീകരരുടെ സാന്നിധ്യം മനസിലാക്കിയ ഫാ.ടോം വിശുദ്ധകുർബാന മുഴുവൻ ഭക്ഷിച്ചു. ഏറ്റവും വലിയ തിരുവോസ്തി കഴിക്കാൻ സാധിക്കാതിരുന്നതിനെ തുടർന്ന് അത് വെള്ളത്തിൽ ലയിപ്പിക്കുകയും ചെയ്തു. അവസാനമായി ഭീകരർ അച്ചനെ കാറിൽ കയറ്റുന്നതായി കണ്ടെന്ന് സാക്ഷ്യപ്പെടുത്തിയത് അയൽവാസിയാണ്. വിശുദ്ധ ഗ്രന്ഥവും അൾത്താരയും, സക്രാരിയും പ്രാർത്ഥനാപുസ്തകങ്ങളുമുൾപ്പെടെ എല്ലാം ഭീകരർ വെടിവെച്ച് നശിപ്പിച്ചു.

സി. സാലി ഏറ്റവും അവസാനം കുറിച്ച് വയ്ക്കുന്നത് ഇപ്രകാരമാണ്, "**ഒരോ ദിവസവും രക്തസാക്ഷിത്വത്തിന് തയാറായി ഇരിക്കാൻ ഫാ.ടോം പ്രചോദനം നൽകുമായിരുന്നു.** സി. ജൂഡിത്തിനും സി. റെജിനിനും യെമനിൽ നിന്ന് രക്ഷപ്പെടാൻ ഒരുപാട് അവസരങ്ങൾ ഉണ്ടായിരുന്നു. കാരണം, സിസ്റ്റർ ജൂഡിത്തിനെയും സിസ്റ്റർ റെജിനിറ്റയെയും വിവിധ കോഴ്സുകൾക്ക് അയക്കാൻ അധികാരികൾ പരിശ്രമിച്ചിരുന്നു." വിതുമ്പലടക്കിക്കൊണ്ട് സി.സാലി കുറിച്ച് വയ്ക്കുന്നു, "സി. ജൂഡിത്തും സി. റെജിനും പോകാൻ കൂട്ടാക്കാതെ അഗതികളെ ശുശ്രൂഷിക്കാൻ യെമനിൽ തുടരുകയായിരുന്നു."

പൗലോസ് ശ്ലീഹ കുറിച്ച് വയ്ക്കുന്നു, "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!" (റോമ 10,15). അപ്പോൾ, വചനം ജീവിക്കുന്നവരുടെ പാദങ്ങൾ എത്രയോ മഹനീയമായിരിക്കണം. ആവശ്യക്കാരുടെ മുമ്പിൽ അത്താണിയാകാൻ വിവിധ രൂപങ്ങൾ അണിയുവൻ ക്രിസ്തു ആഹ്വാനം ചെയ്യുന്നു. "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15).

*ശിഷ്യൻമാരുടെ വിശ്വാസം ജനിക്കുന്നത് വ്യക്തിപരമായ ക്രിസ്തു അനുഭവത്തിലൂടെയാണ്. ക്രിസ്തുവിനെ വ്യക്തിപരമായി അനുഭവിച്ചറിയണം അവനുവേണ്ടി ജീവിക്കാൻ...*

***"യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവ രിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും"***

റോമ 10,9

ഫാ. ജോബി മേനോത്ത് : +91 944 7777 931